ജില്ലാ സഹകരണ ബാങ്കുകളിൽ അഫിലിയേറ്റ് ചെയ്യപ്പെട്ട അംഗ സംഘങ്ങൾ

83 (423) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ ഓരോന്നിലും അഫിലിയേറ്റ് ചെയ്യപ്പെട്ട അംഗസംഘങ്ങൾ എത്ര വീതമാണെന്ന്, അവയുടെ കാറ്റഗറി തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേറ്റ് ചെയ്യപ്പെട്ട വായ്പ സഹകരണ സംഘങ്ങൾ എത്ര വീതം ; അല്ലാത്തവ എത്ര വീതം ; അഫിലിയേറ്റഡ് സംഘങ്ങളിൽ പ്രവർത്തനം ഇല്ലാത്തവ എത്ര വീതം ?

ഉത്തരം

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ ഓരോന്നിലും അഫിലിയേറ്റ് ചെയ്യപ്പെട്ട അംഗസംഘങ്ങളുടെ കാറ്റഗറി തിരിച്ച പട്ടിക അനുബന്ധം 1 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഓരോ ജില്ലാ സഹകരണ ബാങ്കിലും അഫിലിയേറ്റ് ചെയ്യപ്പെട്ട വായ്പ സഹകരണ സംഘങ്ങളുടെ എണ്ണം, അല്ലാത്തവയുടെ എണ്ണം, അഫിലിയേറ്റഡ് സംഘങ്ങളിൽ പ്രവർത്തനം ഇല്ലാത്തവയുടെ എണ്ണം എന്നിവയുടെ പട്ടിക അനുബന്ധം 2 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. *

ജില്ലാ സഹകരണ ബാങ്കുകളിലെ നിയമനം

84 (424) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പതിനാല് ജില്ലാ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ഭരണസമിതികൾ അധികാരം ഏറ്റെടുത്തതിന് ശേഷം പി.എസ്.സി. വഴിയല്ലാതെ താൽക്കാലികമോ, സ്ഥിരമോ, മറ്റേതെങ്കിലും അടിസ്ഥാനത്തിലോ നിയമിക്കപ്പെട്ടവർ എത്രയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ലാ ബാങ്കുകൾ തിരിച്ച് വെളിപ്പെടുത്താമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly